## കുടിവെള്ളത്തിന് പദ്ധതി

24 [1002] ശ്രീ. സി. മോയിൻകുട്ടി:
„ കെ. കുട്ടി അഹമ്മദ് കുട്ടി:
„ പി. കെ. കെ. ബാവ:
„ സി. മമ്മൂട്ടി:
„ ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം വിതരണം ചെയ്യുന്നതിന് സർക്കാർ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൽ എത്രമാത്രം നടപ്പിൽ വരുത്തിയിട്ടുണ്ട്;

(സി) ബാക്കിയുള്ളവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിന് എന്ത് ചെലവ് വരും എന്നറിയിക്കാമോ?

### ഉത്തരം

(എ, ബി) സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും 2006-2007-യോടുകൂടി മിതമായ തോതിലെങ്കിലും ശുദ്ധജലം എത്തിക്കുന്നതിന് വിവിധ പദ്ധതികൾ വിഭാവനം ചെയ്തു നടപ്പിലാക്കി വരുന്നു. ഇപ്പോൾ നിലവിലുള്ള പദ്ധതികൾ ഉപയോഗിച്ച് സംസ്ഥാനത്ത് 64.16% ആളുകൾക്ക് കുടിവെള്ളം നൽകിവരുന്നു. (59% ഗ്രാമീണ ജനതയ്ക്കും, 79% നഗരവാസികൾക്കും)

(സി) പദ്ധതികൾക്കാവശ്യമായ ധനലഭ്യതയുടേയും സ്ഥല ലഭ്യതയുടേയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ വാർഡുകളിലും കുടിവെള്ളം എന്ന ലക്ഷ്യം 2006-2007-യോടുകൂടി പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

(ഡി) ഇതിന് ഏകദേശം 3697.50 കോടി രൂപ വേണ്ടി വരും.

## മുടങ്ങി കിടക്കുന്ന ജലപദ്ധതികൾ പൂർത്തിയാക്കാൻ നടപടി

25 [1003] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒട്ടേറെ ജലപദ്ധതികൾ ഫണ്ടിന്റെ അപര്യാപ്തതമൂലവും മറ്റും പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് നിർമ്മാണ പ്രവർത്തങ്ങൾ മുടങ്ങി കിടക്കുന്ന എത്ര ജല പദ്ധതികൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) മുടങ്ങി കിടക്കുന്ന ജലപദ്ധതികൾ അടിയന്തിരമായി പുനരാരംഭിച്ച് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. വാമനപുരം ജലസേചന പദ്ധതി.

2. അട്ടപ്പാടി പദ്ധതി.

3. പൊന്നാനി താലൂക്കിലെ ബളിയംകോട് ലോക്ക്-കം-ബ്രിഡ്ജിന്റെ നിർമ്മാണം.

4. വിയ്യം റെഗുലേറ്ററിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ.

5. കിഴക്കേകല്ലട (കൊല്ലം) പഞ്ചായത്തിലെ ഓണമ്പലം കട്ടിന്റെ പണി.

6. കാസർഗോഡ് ജില്ലയിലെ മംഗൽപ്പാടി പഞ്ചായത്തിൽപ്പെട്ട ബരിയൊളിഗെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും ചെങ്ങള പഞ്ചായത്തിൽപ്പെട്ട കല്ലകൂട്ടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും.

7. എറണാകുളം ജില്ലയിൽപ്പെട്ട കണ്ണംകുളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, പുലിമല ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, വല്ലം ടെയിൽ എന്റ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, വായിക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി.

8. പാലക്കാട് ജില്ലയിൽപ്പെട്ട കക്കുപടി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, കുക്കുപാളയം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, മുക്കാലി ഡൈവർഷൻ പദ്ധതി.

9. ഇടുക്കി ജില്ലയിൽപ്പെട്ട അൽപ്പാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും വണ്ടൻമേട് പഞ്ചായത്തിലെ വിയർ നിർമ്മാണവും.

10. മലപ്പുറം ജില്ലയിലെ പരശനൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും, മുക്തിക്കയം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും.

11. വയനാട് ജില്ലയിൽപ്പെട്ട കൂടൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, കൊയിലേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, പായോട് നോർത്ത്-സൗത്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, കക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, കോട്ടക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, താലൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, കൊല്ലവള്ളി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, പാക്കം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, മലങ്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി.

12. കോട്ടയം ജില്ലയിലെ പാല ചെക്ക് ഡാം പദ്ധതിയുടെ പണികൾ.

(സി) ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

പുതുതായി ആരംഭിച്ച കുടിവെള്ള പദ്ധതികൾ

26 [1004] ശ്രീ. സി. മമ്മൂട്ടി:
„ കെ. കുട്ടി അഹമ്മദ് കുട്ടി:
„ സി. മോയിൻകുട്ടി:
„ പി. കെ. കെ. ബാവ:
„ ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതുതായി ആരംഭിച്ച കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly